File No.MIT4/86/2018-TC

ഫയൽ നം : എം.ഐ.ടി4/86/2018-ടിസി

തീയതി : 26/06/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

## സർക്കുലർ നം.12/2020

| | |
|---|---|
| വിഷയം : | മോട്ടോർ വാഹന വകുപ്പ്- കൊവിഡ് 19 മഹാമാരി- ഇ-ഓഫീസ് ഉപയോഗിച്ചുള്ള ഫയൽ നീക്കം നടപ്പാക്കുന്നത്- സംബന്ധിച്ച് |
| പരാമർശം: | സർക്കാർ ഉത്തരവ് നം.സ.ഉ.(കൈ) നം.117/2020/പൊ.ഭ.വ തീയതി 8/06/2020 |

കൊവിഡ് 19 മഹാമാരി സംസ്ഥാനത്ത് അനുദിനം വർദ്ധിച്ച് വരുന്നതിനാലും സംസ്ഥാനത്ത് സമൂഹ വ്യാപന ഭീഷണി നിലനിൽക്കുന്നതിനാലും അത്യന്തം ഗൗരവതരമായ സാഹചര്യത്തിലൂടെയാണ് സംസ്ഥാനം കടന്നു പോകുന്നത്. രോഗവ്യാപനം പരമാവധി കുറയ്ക്കുന്നതിലേക്കായി നിതാന്ത ജാഗ്രത പുലർത്തേണ്ടതും കൊവിഡ് പ്രോട്ടോക്കോൾ സൂക്ഷ്മമായി പാലിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. നിലവിലെ സാഹചര്യത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾകൊണ്ടുകൊണ്ട്, സാഹചര്യത്തിനൊത്ത് ഉയർന്ന് സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതുണ്ട്. സൂചനയിലെ ഉത്തരവ് പ്രകാരം സർക്കാർ ഇതിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗനിർദ്ദേശങ്ങളുടെ അന്ത:സത്ത പൂർണ്ണമായും ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കുക എന്നത് നിലവിലെ സാഹചര്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. സമൂഹവ്യാപനം ഒഴിവാക്കേണ്ടത് ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്തമാണ്. ഫിസിക്കൽ ഫയലുകളുടെ തുടർച്ചയായ കൈമാറ്റം രോഗവ്യാപനതിന് ഇടയാക്കാനും കാര്യാലയങ്ങൾ പൂർണ്ണമായും അടച്ചിടുന്നതിലേക്കും നയിച്ചേക്കാം. കൊവിഡ് പ്രതിരോധത്തിൽ മുൻനിര പ്രവർത്തനത്തിൽ പങ്കാളിയായ മോട്ടോർ വാഹന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ ഇത്തരം സാഹചര്യം

അഭിലഷണീയമല്ല.

ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ ഫയൽ നീക്കം ക്രമീകരിക്കേണ്ടതുണ്ട് . നിലവിൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഇ-ഓഫീസ് സംവിധാനം ലഭ്യമാണ്. പൂർണ്ണതോതിൽ ടി. സംവിധാനത്തിലേക്ക് മാറുന്നത് ഈ മഹാമാരിയെ ചെറുക്കുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗങ്ങളിൽ ഒന്നായിരിക്കും. ഫിസിക്കൽ ഫയലുകളുടെ കൈമാറ്റം ഉയർത്തുന്ന രോഗവ്യാപന ഭീഷണി പൂർണ്ണമായും ഒഴിവാക്കാൻ ഇ-ഓഫീസ് ഫയൽ സംവിധാനത്തിലൂടെ സാധിക്കും . ആയതിലേക്കായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ 01-07-2020 മുതൽ പ്രാബല്യത്തിൽ നടപ്പാക്കേണ്ടതാണ്.

1) 01-07-2020 മുതൽ സമർപ്പിക്കുന്ന എല്ലാ ഫയലുകളും ഇ-ഓഫീസ് മുഖേന മാത്രമായിരിക്കണം.

2) നിലവിലുള്ള ഫിസിക്കൽ ഫയലുകൾ 01-07-2020 ന് ശേഷം സമർപ്പിക്കു കയാണെങ്കിൽ പ്രസ്തുത ഫയൽ ഒരു സമാഹൃത കുറിപ്പോടു കൂടി (consolidated Note)ഇ-ഓഫീസ് സംവിധാനം വഴി സമർപ്പിക്കേണ്ടതാണ്.

3) തീർപ്പ് കൽപ്പിച്ചിട്ടില്ലാത്ത എല്ലാ ഫിസിക്കൽ ഫയലുകളും 01-08-2020 നു മുൻപായി digitize ചെയ്തിട്ടുണ്ടെന്ന് എല്ലാ സെക്ഷൻ മേധാവികളും നിയന്ത്രണാധികാരികളും ഉറപ്പു വരുത്തേണ്ടതാണ്.

4) ഫിസിക്കൽ ഫയലുകൾ 31.07.2020 നു മുൻപായി digitize ചെയ്യുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാരും സൂപ്രണ്ടുമാരും കൈക്കൊള്ളേണ്ടതാണ് . ആയതിന്മേൽ ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങൾ നേരിടേണ്ടിവന്നാൽ ടി . ഫയലുകൾ സംബന്ധിച്ച പേജ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ നിയന്ത്രണാധികാരികളെ ബോധ്യപ്പെടുത്തേണ്ടതും അവരുടെ അനുമതിയോടുകൂടി ഇ-ഓഫീസ് സപ്പോർട്ട് പേർസണലിന്റെ സഹായം തേടേണ്ടതുമാണ്.

5) ഇപ്രകാരം digitize ചെയ്ത ഫയലുകളുടെ പട്ടിക 01-08-2020 നു

മുൻപായി MIT4 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

6) ഇ-ഓഫീസ് "Work from Home" സംവിധാനത്തിൽ ലഭിക്കുന്നതിനായി VPN connection ബന്ധപ്പെട്ട ജീവനാക്കാരൻ ഉറപ്പ് വരുത്തേണ്ടതാണ്.

7) ഓഫീസുകൾ തമ്മിൽ തപാൽ കൈമാറ്റം ചെയ്യുന്നതിനായി ഇ-ഓഫീസിലെ ഡെസ്പാച്ച് സംവിധാനം നിർബന്ധമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിനു പുറമെ മോട്ടോർ വാഹന വകുപ്പിന് കീഴിൽ വരുന്ന ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം , റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ എന്നിവിടങ്ങളിലും 01-08-2020 മുതൽ വാഹൻ/സാരഥി ഇതര തപാലുകൾ ഇ-ഓഫീസ് സംവിധാനം വഴി മാത്രം പ്രോസസ്സ് ചെയ്യേണ്ടതാണ്. ഇതിനായി ഓരോ ഓഫീസിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും ടി ഓഫീസറുടെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഈ-ഓഫീസ് സംവിധാനം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇ-ഓഫീസ് സംവിധാനം ഇത് വരെ ലഭ്യമാകാത്ത ഓഫീസുകൾക്ക് ജൂലൈ മാസത്തിൽ തന്നെ ടി സംവിധാനം ലഭ്യമാക്കി നൽകുന്നതിനും ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതിനും കേരള ഐ ടി മിഷൻ, എൻ.ഐ.സി എന്നിവയുമായി ബന്ധപ്പെട്ട് തുടർ നടപടികൾ നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്. മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള വിർച്ചൽ ഐ .ടി.കേഡറിലുള്ള ജീവനക്കാരുടെ സേവനം ഈ സംവിധാനം നടപ്പിലാക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. ഓരോ ഓഫീസിലേയും നോഡൽ ഓഫീസറെ സംബന്ധിച്ചുള്ള വിവരം (മൊബൈൽ ഫോൺ നമ്പറുൾപ്പെടെ) ഈ ഓഫീസിൽ 30/06/2020-ന് മുമ്പായി tcoffice.mvd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

File No.MIT4/86/2018-TC

ഇ–ഓഫീസ് സംവിധാനം എല്ലാ ഓഫീസുകളിലും സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി അസിസ്റ്റന്റ് സെക്രട്ടറി, എസ്.ടി.എ–യെ ചുമതലപ്പെടുത്തുന്നു.

**Help Desk**@Transport Commissionerate: Shri. RAKESH BABU-Software Application Support (e-Office-mvd)- Mobile: **99 95 77 55 67**

M R AJITHKUMAR IPS
TRANSPORT COMMISSIONER

സ്വീകർത്താവ് :- 1. എല്ലാ നിയന്ത്രണാധികാരികൾക്കും
2. എല്ലാ സെക്ഷൻ മേധാവികൾക്കും
3. എല്ലാ സെക്ഷൻ ക്ലാർക്കുമാർക്കും

പകർപ്പ് സി എ റ്റു ടി സി

മോട്ടോർ വാഹന വകുപ്പ്, കേരളം